## എസ്.ബി & അസംപ്ഷൻ പൂർവവിദ്യാർത്ഥി സംഘടനയുടെ കുടുംബസംഗമം
ജോയിച്ചൻ പുതുക്കുളം

ന്യൂയോർക്ക് : ന്യൂയോർക്കിലെയും പരിസരപ്രദേശങ്ങളിലെയും, ചങ്ങനാശേരി എസ്.ബി & അസംപ്ഷൻ കോളേജ് പൂർവവിദ്യാർത്ഥി സംഘടന, ന്യൂയോർക്കിലെ ലോംഗ് ഐലന്റ് കൊട്ടിലിയൻ റെസ്റ്റോറന്റ് ബാങ്കറ്റ് ഹാളിൽ വച്ച് കുടുംബ മേളയും, താങ്ക്സ് ഗിവിംഗ് ഡിന്നറും നടത്തി.

1944 ൽ എസ്.ബി.കോളെജിൽ നിന്നും പഠനം പൂർത്തിയാക്കിയ റവ.ശാമുവൽ അച്ചൻ മുതൽ അടുത്തകാലത്ത് എസ്.ബി.ആന്റ് അസംപ്ഷൻ കോളേജുകളിൽ നിന്നും ബിരുദങ്ങൾ നേടിയ പുതിയ തലമുറ വരെയുള്ള പൂർവവിദ്യാർത്ഥികൾക്ക് ഒന്നിച്ച് കൂടുവാനും , പൂർവകാല സ്മരണകൾ പുതുക്കുവാനും ഉള്ള ഒരു അപൂർവസന്ദർഭമായി ഈ കുടുംബസംഗമം.

ലോകപ്രശസ്ത എഞ്ചിനീയറും, കൊളംബിയ യൂണിവേഴ്സിറ്റി പ്രൊഫസറും, യു.എസ്.കോൺഗ്രസിന്റെ പരിസ്ഥിതി ഉപദേശകസമിതിയംഗവും, ഇരുപതിൽപരം ഗ്രന്ഥങ്ങളുടെ കർത്താവുമായ ഡോ.പി.സോമസുന്ദരം ആയിരുന്നു പ്രധാന അതിഥി. അസംപ്ഷൻ കോളേജ് മുൻ വൈസ് പ്രിൻസിപ്പാൾ ഡോ.ആനി കോശി, പ്രൊഫ.സോമസുന്ദരത്തെ സദസിന് പരിചയപ്പെടുത്തി. നാനോ ടെക്നോളജിയുടെ സാദ്ധ്യതകളെയും അപകടങ്ങളെപ്പറ്റിയും അദ്ദേഹം നടത്തിയ പ്രഭാഷണം സരസവും വിജ്ഞാനപ്രദവും ആയിരുന്നു.

സംഘടനയുടെ ലക്ഷ്യങ്ങൾ, നാളിതുവരെയുള്ള പ്രവർത്തനങ്ങൾ എന്നിവ മുൻ പ്രസിഡന്റ് ജോളി ജേക്കബ് ചെന്നിത്തല വിവരിച്ചു. ഡോ.അശോക് കുമാർ ആയിരുന്നു മാസ്റ്റർ ഓഫ് സെറിമണി. രാജൂ ലൂക്കോസ്, അലക്സ് മണലിൽ എന്നിവർ സംഗീതവിരുന്ന് ഒരുക്കി. സംഘടന പ്രസിഡന്റ് ജോൺ .പി.ചാക്കോ സ്വാഗതവും, സെക്രട്ടറി ബാബൂ തോമസ് ഇടനാട് നന്ദിയും പറഞ്ഞു.

ചങ്ങനാശേരി എസ്.ബി.ആന്റ് അസംപ്ഷൻ കോളേജ് പൂർവവിദ്യാർത്ഥി സംഘടനയുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ താല്പര്യമുള്ള എല്ലാ പൂർവവിദ്യാർത്ഥികളും, അദ്ധ്യാപകരും, താഴെപ്പറയുന്നവരുമായി ബന്ധപ്പെടുക.

ജോൺ പി.ചാക്കോ – 914 962 7152
ബാബു തോമസ് ഇടനാട് – 516 746 0682
ഡോ.ആനി കോശി – 718 543 3044
വർഗീസ് തോമസ് – 516 414 1217
ഡോ.ജോർജ്ജ് പുതുമന – 631 580 2545
ജോളി ജേക്കബ് – 516 248 0564
ആലീസ് കുഞ്ചെറിയ – 718 831 1490
ആന്റണി പുത്തൻപുര – 516 567 1352
റെജി കുര്യൻ – 718 591 2459


Nanotechnology
Mimicking Nanostructures in Nature
P. Somasundaran
Kiefer, Kulkarni,
Moudgil,
Center for Colloids and



